# പതിനാലാം കേരള നിയമസഭ
## നാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 1616 — 06/03/2017 ൽ മറുപടിക്ക്

## വളർത്തു മൃഗങ്ങളെ വീട്ടിൽ വളർത്തുന്നതിന് ലൈസൻസ്

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. എം. സ്വരാജ് | ശ്രീ. കെ.ടി. ജലീൽ<br>(തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പ് മന്ത്രി) |
| എ) വളർത്തു മൃഗങ്ങളെ വീട്ടിൽ വളർത്തുന്നതിന് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ വഴി ലൈസൻസ് ഏർപ്പെടുത്തുന്നതിന് നിലവിൽ സംവിധാനമുണ്ടോ; ഉണ്ടെങ്കിൽ വിശദാംശം വ്യക്തമാക്കുമോ<br><br>ബി) വീടുകളിൽ നായകളെ വളർത്തുന്നതിന് ലൈസൻസ് നിർബന്ധമാക്കുമോ; | എ) & ബി) ഉണ്ട്. യാതൊരാളും സെക്രട്ടറിയിൽ നിന്നും ലഭിച്ച ലൈസൻസ് കൂടാതെയും, പേപ്പട്ടി വിഷത്തിനെതിരെ തന്റെ പട്ടിയെ കുത്തി വയ്പ്പിക്കാതെയും ഏതെങ്കിലും പട്ടിയെ വളർത്താൻ പാടില്ലെന്ന്, 1994-ലെ കേരളാ മുനിസിപ്പാലിറ്റി ആക്ടിന്റെ 437-ാം വകുപ്പിൽ വ്യവസ്ഥ ചെയ്തിട്ടുണ്ട്.<br>1998 ലെ കേരള പഞ്ചായത്ത് രാജ് (പന്നികൾക്കും പട്ടികൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങളിലെ ചട്ടം 3 പ്രകാരം ഗ്രാമ പഞ്ചായത്തിന്റെ ലൈസൻസ് കൂടാതെയും ലൈസൻസിൽ പറഞ്ഞിട്ടുള്ള നിബന്ധനകൾക്ക് അനുസരണമല്ലാതെയും ഗ്രാമ പഞ്ചായത്ത് പ്രദേശത്ത് നിശ്ചിത തീയതി മുതൽ നായകളേയോ പന്നികളേയോ വളർത്തുവാനോ സൂക്ഷിക്കുവാനോ പാടില്ലെന്ന് ഒരു ഗ്രാമപഞ്ചായത്തിന് പ്രമേയം മൂലം തീരുമാനിക്കാവുന്നതാണെന്ന് വ്യവസ്ഥ ചെയ്യുന്നു. 1998 കേരള പഞ്ചായത്ത് രാജ് ആക്ട് ചട്ടം 5 പ്രകാരം ലൈസൻസ് ഇല്ലാതെയോ ലൈസൻസ് ഉണ്ടെങ്കിൽ അതിലെ വ്യവസ്ഥകൾക്ക് വിരുദ്ധമായോ അലഞ്ഞ് തിരിയാൻ അനുവദിച്ചുകൊണ്ട് നായയെ വളർത്തുന്ന ഏതൊരാൾക്കും കുറ്റസ്ഥാപനത്തിന്മേൽ 250/-രൂപ വരെ പിഴ ചുമത്തുന്നതും കുറ്റകൃത്യം തുടരുന്ന സംഗതിയിൽ ഓരോ ദിവസത്തേക്കും 50/- രൂപ വരെ പിഴ ചുമത്താവുന്നതുമാണെന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. |

| | |
|---|---|
| സി) ഇവ പരിശോധിക്കുന്നതിനും ലൈസൻസ് നൽകുന്നത് കൂടുതൽ കാര്യക്ഷമമാക്കുന്നതിനും നടപടികൾ സ്വീകരിക്കുമോ? | സി) നടപടികൾ സ്വീകരിച്ചുവരുന്നു. |

സെക്ഷൻ ഓഫീസർ